പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 413 | 29. 06. 2015 ൽ മറുപടിക്ക്

കർഷകർക്ക് ഏർപ്പെടുത്തിയ വൈദ്യുതിനിരക്ക്

ചോദ്യം | ഉത്തരം

ശ്രീ.കെ.വി.വിജയദാസ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വ്യവസായികൾക്ക് നൽകുന്ന താരിഫ് അനുസരിച്ചുള്ള വൈദ്യുതി നിരക്ക് കർഷകർക്ക് ഏർ പ്പെടുത്തിയ നടപടി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (എ). സംസ്ഥാനത്ത് ഭക്ഷ്യവിളകളായ പയർവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായവയുടെ കൃഷിക്കാവശ്യമായ ജലസേചനം, ലിഫ്റ്റ് ഇറിഗേഷൻ, ഡീ വാട്ടറിങ്ങ് (De-Watering) എന്നിവയ്ക്കുള്ള വൈദ്യുതിയുടെ താരിഫ് LT V (A) അഗ്രികൾച്ചർ ആണ്. എന്നാൽ ലോ ടെൻഷൻ (Low Tension) വിഭാഗത്തിൽ, നാണ്യവിള തോട്ടങ്ങളുടെ (Plantation of Cash Crops) താരിഫ്, 14.08.2014 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവ് വരുന്നതുവരെ ഒരു പ്രത്യേക കാറ്റഗറിയിലും ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ, ടി ഉപഭോക്താക്കളെ LT V (A) കാർഷികം വിഭാഗത്തിൽ ഉൾപ്പെടുത്തി ബില്ല് ചെയ്യുകയായിരുന്നു. എന്നാൽ, 'HT' വിഭാഗത്തിൽപ്പെട്ട നാണ്യവിള തോട്ടങ്ങളുടെ താരിഫ് 1983 മുതൽ തന്നെ വ്യാവസായിക താരിഫ് (HTI (A) Industrial) ആയിരുന്നു.<br><br>14.08.2014 ൽ റെഗുലേറ്ററി കമ്മീഷന്റെ താരിഫ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ എണ്ണക്കുരു വിഭാഗത്തിൽപ്പെടുന്ന നാളികേര കൃഷിക്കുള്ള താരിഫ്, സംസ്ഥാനത്തെ ഏതാനും ചില സെക്ഷൻ ഓഫീസുകളിൽ LT IV (A) വ്യവസായം) താരിഫിലേയ്ക്ക് മാറ്റിയിരുന്നു. എന്നാൽ, ഇത് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ, വൈദ്യുതി ബോർഡ്, നാളികേര കൃഷിക്കുള്ള വൈദ്യുതി LT V (A) കാർഷികം താരിഫിൽ തന്നെ ബില്ല് ചെയ്യുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

<table>
<tr>
<td></td>
<td>
നാണ്യവിളകൾ ഇടവിളകളായി കൃഷി ചെയ്യുന്നവർക്ക് കാർഷിക താരിഫിൽ വൈദ്യുതി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.<br><br>
ഭക്ഷ്യവിളകളോടൊപ്പം ഇടവിളകളായി ജാതിക്കാ, കാപ്പി, കുരുമുളക് എന്നിവ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ, ഭക്ഷ്യവിളകളായ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ,, പഴങ്ങൾ, നാളികേരം മുതലായവയാണ് പ്രധാനമായും കൃഷിചെയ്യുന്നതെങ്കിൽ (കൂടുതൽ സ്ഥലത്ത്) കൃഷിക്കുപയോഗിക്കുന്ന മുഴുവൻ വൈദ്യുതിയും കാർഷിക താരിഫിൽ തന്നെ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>
14.08.2014 ലെ കമ്മീഷന്റെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ നാണ്യവിളകളുടെ താരിഫ് LT IV A വ്യവസായം ആക്കിയിട്ടുണ്ട് (16.08.2014 മുതൽ).<br><br>
സംസ്ഥാനത്ത് വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കുകളിൽ മാറ്റം വരുത്തുന്നതിന്, വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് കഴിയുകയില്ല.
</td>
</tr>
<tr>
<td>(ബി) ഗാർഹിക കണക്ഷന് പോസ്റ്റ് ഒന്നിന് ഇപ്പോൾ പതിനയ്യായിരം രൂപ ഈടാക്കുന്ന നടപടി പിൻവലിക്കുമോ ?</td>
<td>
(ബി) ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെയുള്ള എല്ലാവിധ വൈദ്യുതി കണക്ഷനുകളും, കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ (KSERC) നിഷ്കർഷിച്ചിട്ടുള്ള ചാർജ്ജുകളുടെ അടിസ്ഥാനത്തിലാണ് നൽകി വരുന്നത്.<br><br>
നിലവിൽ 1 പോസ്റ്റ് ആവശ്യമുള്ള സർവ്വീസ് കണക്ഷന്റെ നിരക്ക് (വെതർപ്രൂഫ് പോർഷൻ ഉൾപ്പെടെ) 13,650/- രൂപയാണ് . വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.
<table>
<tr><td>50 മീറ്റർ നീളമുള്ള സിംഗിൾ ഫേസ് ഒ.എച്ച് ലൈനിന്റെയും ഒരു പോസ്റ്റിന്റെയും ചാർജ്ജ്</td><td>11,500</td></tr>
<tr><td>വെതർപ്രൂഫ് പോർഷന്റെ ചാർജ്ജ്</td><td>2,150</td></tr>
<tr><td>ആകെ</td><td>13,650</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| | എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ദീൻദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനാ (DDUGJY) പ്രകാരം പോസ്റ്റുകൾ ആവശ്യമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗാർഹിക വിഭാഗത്തിൽപ്പെടുന്ന അപേക്ഷകൾക്ക് കണക്റ്റഡ് ലോഡിന്റെ പരിധിയില്ലാതെ സൗജന്യമായാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ